**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 139** **16-10-2026-ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെൻറ് മാർക്കറ്റ് ഇൻഫർമേഷൻ പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സ്വദേശത്തും വിദേശത്തും ഉള്ള തൊഴിൽ സാധ്യതകളെ പറ്റി പഠനം നടത്തി അപ്രകാരമുള്ള വിവരങ്ങൾ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് കൈമാറുന്നതിന് നിലവിൽ എന്തെങ്കിലും സർക്കാർ സംവിധാനങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം ഒരു സംരംഭം നിരവധി തൊഴിൽ അന്വേഷകർക്കും വരും തലമുറകൾക്കും വലിയൊരു സഹായമാകുമെന്നതിനാൽ ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് (കേരളം) തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് കൈമാറുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് (നിലവിൽ ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി-2020) പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവുകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് സ്ഥാപന പരിശോധനകൾ നടത്തുകയും, അത്തരം സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സ്ഥിതി വിവര കണക്കുകളിലൂടെ കേരളത്തിലെ തൊഴിൽ വിപണിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച്, പ്രസ്തുത വിവരങ്ങൾ കേരള സംസ്ഥാന ആസൂത്രണ ബോർഡിലേക്കും, കേന്ദ്ര-സംസ്ഥാന തൊഴിൽ മന്ത്രാലയത്തിലേയ്ക്കും കൈമാറുന്നുണ്ട്. വിദേശ തൊഴിൽ സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ വിവിധ ഓൺലൈൻ പോർട്ടലുകളിലൂടേയും, തൊഴിൽ പ്രസിദ്ധീകരണങ്ങളിലൂടേയും, മറ്റ് സ്രോതസ്സുകളിലൂടേയും ലഭ്യമാക്കി തൊഴിൽ അന്വേഷകർക്ക് കൈമാറുന്നുണ്ട്.

തൊഴിൽ പ്രവണതകൾ, തൊഴിൽ മേഖലകളുടെ സ്വഭാവം, മനുഷ്യ വിഭവശേഷിയുടെ ആവശ്യകത, തൊഴിൽ വിപണിയിലെ മാറ്റങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനുള്ള തൊഴിൽ വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നാണ് എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI). എന്നാൽ, സാങ്കേതിക വിദ്യയിലെ പുരോഗതി, ഡിജിറ്റലൈസേഷൻ, ഓട്ടോമേഷൻ, പുതിയ തൊഴിൽ മേഖലകളുടെ ആവിർഭാവം, തൊഴിലുടമകളുടെ മാറിവരുന്ന ആവശ്യകതകൾ, പുതിയ തരത്തിലുള്ള തൊഴിൽ സംവിധാനങ്ങളുടെ വളർച്ച എന്നിവ മൂലം തൊഴിൽ വിപണി അതിവേഗം പരിവർത്തനം ചെയ്യപ്പെട്ടുകയാണ്.

നിലവിലുള്ള തൊഴിൽ വിവര ശേഖരണവും ക്രോഡീകരണവും പ്രധാനമായും നിശ്ചിത ഇടവേളകളിലുള്ള റിപ്പോർട്ടിംഗിനെ ആശ്രയിച്ചുള്ളതാണ്. അതിനാൽ തൊഴിൽ വിപണിയിലെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആവശ്യകതകൾ കൃത്യമായും സമയബന്ധിതമായും പ്രതിഫലിപ്പിക്കുന്നതിൽ പരമ്പരാഗത സംവിധാനങ്ങൾക്ക് പരിമിതികളുണ്ട്.

ഈ സാഹചര്യത്തിൽ നിലവിലുള്ള എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ സംവിധാനത്തെ സാങ്കേതിക വിദ്യാധിഷ്ഠിതമായ എംപ്ലോയ്മെന്റ് മാർക്കറ്റ് ഇന്റലിജൻസ് സിസ്റ്റം ആയി പരിവർത്തനം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിൽ ആവശ്യകതയും ലഭ്യതയും സംബന്ധിച്ച സമയബന്ധിതവും പ്രയോജനപ്രദവുമായ വിവരങ്ങൾ വിവിധ സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കുകയും ഏകോപിപ്പിക്കുകയും വിശകലനം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്യാൻ കഴിയുന്ന ഒരു സംവിധാനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഒഡെപെക് കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവെയ്ക്കുന്നത്. നമ്മുടെ നാട്ടിലെ അഭ്യസ്ത വിദ്യരായ തൊഴിൽ അന്വേഷകർക്കും വിദഗ്ദരും അവിദഗ്ദരും അർദ്ധവിദഗ്ദരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി ചുരുങ്ങിയ ചെലവിൽ അവരെ ജോലികളിൽ നിയോഗിക്കുക എന്നതാണ് ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

ഒഡെപെകിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ മതിയായ അവബോധം ഉണ്ടാക്കുന്നതിനായി ഓൺലൈനായും ഓഫ് ലൈനായും സെമിനാറുകൾ സംഘടിപ്പിക്കാൻ സാധിച്ചു. പല വിദേശ രാജ്യങ്ങളിലും എംപ്ലോയ്മെന്റ് മീറ്റ് സംഘടിപ്പിച്ചു. വിദേശ തൊഴിൽ ദാതാക്കളുമായുള്ള നിരന്തര ഇടപെടലുകളുടെ ഫലമായി വിവിധ മേഖലകളിൽ വിവിധ തൊഴിൽ സാധ്യതകൾ വിദേശ ദാതാക്കളിൽ നിന്നും നേടിയെടുക്കാൻ ഒഡെപെകിനു സാധിച്ചു. അങ്ങനെ സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, ഖത്തർ, യൂറോപ്യൻ രാജ്യങ്ങളായ യു.കെ., അയർലണ്ട്, ജർമ്മനി, ബെൽജിയം, ഉസ്ബെക്കിസ്ഥാൻ എന്നിവിടങ്ങളിലേക്ക് നഴ്സ്, ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ, എൻജിനീയർ, ടീച്ചർ, ടെക്നീഷ്യൻമാർ, സെക്യൂരിറ്റിഗാർഡ്സ് തുടങ്ങിയ വിവിധ മേഖലകളിലേക്ക് ഉദ്യോഗാർത്ഥികളെ അയക്കാൻ ഒഡെപെകിന് കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ളവ കൂടാതെ മറ്റു രാജ്യങ്ങളിലേക്കും കൂടുതൽ തൊഴിൽദാതാക്കളെ കണ്ടെത്താനുള്ള നടപടി സ്വീകരിച്ചു.

**(ബി)** തൊഴിൽ അന്വേഷകരെ സഹായിക്കുന്നതിനായി നടപ്പിലാക്കിയിരുന്ന ഇ.എം.ഐ. (എംപ്ലോയ്മെൻറ് മാർക്കറ്റ് ഇൻഫർമേഷൻ) ഓഫീസുകളുടെ നിലവിലെ പ്രവർത്തനം തൃപ്തികരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇതുവഴി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**മറുപടി:** എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ യൂണിറ്റുകളുടെ നിലവിലെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. വകുപ്പിൽ നിന്നും നടത്തുന്ന സ്ഥാപന പരിശോധനകളിലും കൂടാതെ വ്യക്തികൾ / സംഘടനകൾ നൽകുന്ന പരാതികളുടെ അടിസ്ഥാനത്തിലും അംഗീകൃത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലാതെ നാമമാത്രമായി നടത്തിയിട്ടുള്ള നിയമനങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിൽ ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതിന് വകുപ്പ് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ / കോർപ്പറേഷനുകൾ / സർക്കാർ

ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മാത്രമായിരിക്കേണ്ടതാണെന്നും ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവൻമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകൾ നടത്തുകയും ചട്ടലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം, ടി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെയും നേതൃത്വത്തിൽ 14 ജില്ലകളിലും ഇ.എം.ഐ. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

**(സി)** ഇ.എം.ഐ. ഓഫീസുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്. തൊഴിൽ പ്രവണതകൾ, തൊഴിൽ മേഖലകളുടെ സ്വഭാവം, മനുഷ്യ വിഭവശേഷിയുടെ ആവശ്യകത, തൊഴിൽ വിപണിയിലെ മാറ്റങ്ങൾ എന്നിവ മനസ്സിലാക്കുന്നതിനുള്ള തൊഴിൽ വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നാണ് എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI). എന്നാൽ, സാങ്കേതികവിദ്യയിലെ പുരോഗതി, ഡിജിറ്റലൈസേഷൻ, ഓട്ടോമേഷൻ, പുതിയ തൊഴിൽ മേഖലകളുടെ ആവിർഭാവം, തൊഴിലുടമകളുടെ മാറിവരുന്ന ആവശ്യകതകൾ, പുതിയ തരത്തിലുള്ള തൊഴിൽ സംവിധാനങ്ങളുടെ വളർച്ച എന്നിവ മൂലം തൊഴിൽ വിപണി അതിവേഗം പരിവർത്തനം ചെയ്യപ്പെടുകയാണ്.

നിലവിലുള്ള തൊഴിൽ വിവരശേഖരണവും ക്രോഡീകരണവും പ്രധാനമായും നിശ്ചിത ഇടവേളകളിലുള്ള റിപ്പോർട്ടിങ്ങിനെ ആശ്രയിച്ചുള്ളതാണ്. വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള റിട്ടേണുകളിലൂടെയും പരിശോധനാ റിപ്പോർട്ടുകളിലൂടെയും വൻതോതിൽ വിവരങ്ങൾ ലഭ്യമാകുന്നുണ്ടെങ്കിലും, ഇത്രയും വിപുലമായ വിവരങ്ങൾ മാനുഷികശേഷി മാത്രം ഉപയോഗിച്ച് സമയബന്ധിതമായി ക്രോഡീകരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും പ്രായോഗിക പരിമിതികളുണ്ട്. തന്മൂലം, തൊഴിൽ വിപണിയിലെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആവശ്യകതകളും പ്രവണതകളും കൃത്യമായും സമയബന്ധിതമായും തിരിച്ചറിയുന്നതിനും പ്രതിഫലിപ്പിക്കുന്നതിനും നിലവിലെ സംവിധാനത്തിന് പരിമിതികൾ നേരിടുന്നുണ്ട്. ഈ പരിമിതികൾ മറികടക്കുന്നതിന് സാങ്കേതികവിദ്യാധിഷ്ഠിതമായ ഇടപെടലുകൾ അനിവാര്യമാണ്.

ഈ സാഹചര്യത്തിൽ, നിലവിലുള്ള എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ സംവിധാനത്തെ കേവലമായ വിവരശേഖരണത്തിനും റിപ്പോർട്ടിങ്ങിനും അപ്പുറം, സാങ്കേതികവിദ്യയുടെ സഹായത്തോടെ തൊഴിൽ വിപണിയെക്കുറിച്ചുള്ള സമഗ്രവും കാലികവുമായ വിശകലനങ്ങൾ ലഭ്യമാക്കാൻ പ്രാപ്തമായ എംപ്ലോയ്മെന്റ് മാർക്കറ്റ് ഇന്റലിജൻസ് സംവിധാനമായി വികസിപ്പിക്കുകയാണ് ലക്ഷ്യമിടുന്നത്. വിവിധ സ്രോതസ്സുകളിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ ഏകീകൃതമായി ശേഖരിക്കുകയും ക്രോഡീകരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നതിലൂടെ തൊഴിൽ ആവശ്യകത, തൊഴിൽലഭ്യത, നൈപുണ്യാവശ്യങ്ങൾ, തൊഴിൽ വിപണിയിലെ മാറിവരുന്ന പ്രവണതകൾ എന്നിവ സംബന്ധിച്ച വിശ്വസനീയവും സമയോചിതവുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവയെ ഫലപ്രദമായ ആസൂത്രണത്തിനും നയരൂപീകരണത്തിനും

പ്രയോജനപ്പെടുത്തുന്നതിനും കഴിയുന്ന ഒരു സംവിധാനം രൂപപ്പെടുത്തുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**